## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6444. 08.07.2014 ൽ മറുപടിയ്ക്ക്.

### സംസ്ഥാനത്തെ വാഹനങ്ങളുടെ അന്യസംസ്ഥാനത്ത് രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തുനിന്നുള്ള ബസ്സുകളും മറ്റ് ഹെവിവാഹനങ്ങളും അന്യസംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തുന്ന പ്രവണത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് അന്യസംസ്ഥാന വാഹനരജിസ്ട്രേഷന്റെ കാര്യത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട് ; ഇവയുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (ബി) | ഇതു സംബന്ധമായ കണക്കുകൾ ശേഖരിച്ചിട്ടില്ല. |
| (സി) | ഇത്തരം വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (സി) | തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെടെ ഒന്നോ രണ്ടോ സംസ്ഥാനങ്ങളിൽ മാത്രമേ വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുള്ളൂ. കേരളത്തിൽ സർവ്വീസ് നടത്തുന്ന അന്യ സംസ്ഥാന വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടില്ല. ഇത്തരം വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കുകയാണെങ്കിൽ അത് 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 118 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാലും സംസ്ഥാനത്തിന് വാണിജ്യപരമായി വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കും എന്നതിനാലും ഇത് നടപ്പിൽ വരുത്തിയിട്ടില്ല. |
| (ഡി) | ഇത്തരം രജിസ്ട്രേഷനിലൂടെ സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര രൂപയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് | (ഡി) | പഠനം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | | |
| (ഇ) | വാഹന രജിസ്ട്രേഷൻ സംസ്ഥാനത്തിനകത്ത് തന്നെ നടത്താൻ നിർബന്ധിതമാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഇ) | നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളിലും ചട്ടങ്ങളിലും വാഹന രജിസ്ട്രേഷൻ സംസ്ഥാനത്തിനകത്ത് തന്നെ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. വാഹന ഉടമകൾക്ക് അന്യ സംസ്ഥാനങ്ങളിൽ താത്ക്കാലികമായി മേൽവിലാസം ഉണ്ടെങ്കിൽ വാഹനം പ്രസ്തുത സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുവാൻ കഴിയും. എന്നാൽ കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന അന്യസംസ്ഥാന വാഹനങ്ങൾ കണ്ടെത്തി അവയുടെ മേൽവിലാസം മാറ്റുന്നതിനും, നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികളിലൂടെ വാഹന രജിസ്ട്രേഷൻ സംസ്ഥാനത്തിനകത്തു തന്നെ നടത്താൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ.